II ഇ.ബി. XIII- കേരള നിയമസഭ/XIV-16

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 23, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

41 (*481) കാലവർഷവും ജലവൈദ്യുത പദ്ധതികളും

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, സംഭരണശേഷി കൂടുതലുള്ള ഡാമുകളിൽ ഉല്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുകയും മറ്റ് മേഖലകളിൽ നിന്നും സംസ്ഥാനത്തേയ്ക്ക് കൂടുതൽ വൈദ്യുതി എത്തിക്കുകയും ചെയ്ത് കാലവർഷക്കുറവുമൂലം ജലവൈദ്യുത പദ്ധതികൾ നേരിടാനിടയുള്ള പ്രതിസന്ധികൾ തരണംചെയ്യുന്നതിനായി കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. സംസ്ഥാനത്തെ ഡാമുകളിൽ നിലവിൽ 1946 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള വെള്ളം

സംഭരിച്ചിട്ടുണ്ട്. പള്ളിവാസൽ/ഇടമലയാർ ഓഗ്മെന്റേഷൻ സ്കീം, ഇടമലയാർ, കക്കയം, ഷോളയാർ, കക്കി ഡാമുകളിലെ പമ്പ്ട് സ്റ്റോറേജ് സ്കീം, ട്വിൻ കല്ലാർ പദ്ധതി എന്നിവയുടെ സാധ്യതാ പഠനവും ഇടമലയാർ, ഷോളയാർ, പന്നിയാർ, ശബരിഗിരി, കക്കാട് പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പഠനവും വിവിധ ഘട്ടങ്ങളിലായി നടന്നുവരികയാണ്. പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പാത്രക്കടവ് ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എഫ്.എ.സി.ടി.-യുടെ സ്ഥലം ലഭ്യമായാലുടൻ കൊച്ചിൻ റിഫൈനറിയുടെ ബൈ പ്രോഡക്ടായ പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സോളാർ വൈദ്യുതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും ആശുപത്രികളിലും റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിച്ചുവരികയാണ്. കാസർഗോഡ് 200 മെഗാവാട്ട് സോളാർ വൈദ്യുതോല്പാദന പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. തെന്മല ഡാം റിസർവ്വോയറിൽ നിന്നും മണലും എക്കലും നീക്കം ചെയ്യുന്നതിന് ജലസേചന വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സംസ്ഥാനത്തുടനീളം

ഘട്ടംഘട്ടമായി ഏരിയൽ ബഞ്ച്ഡ് കേബിൾ സിസ്റ്റം വ്യാപിപ്പിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

42 (*482) മലബാർ സിമെന്റ്സിന്റെ തകർച്ച

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയും ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതിലൂടെ ഈ സാമ്പത്തിക വർഷം ഇതുവരെ 9 കോടിയോളം രൂപ ലാഭം നേടിയിട്ടുണ്ടെന്നും റെക്കോർഡ് ലാഭം പ്രതീക്ഷിക്കുന്നതായും സഭയെ അറിയിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ കമ്പനി 20.18 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കിയിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ എല്ലാ ക്രയവിക്രയങ്ങളും ഡയറക്ടർ ബോർഡിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ധനകാര്യ വകുപ്പിന്റെയും പരിശോധനയ്ക്ക് വിധേയമാണ്. മാർക്കറ്റിംഗ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനങ്ങൾ

നടത്തിവരുന്നത്; ജീവനക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകിവരുന്നു. ഗുണനിലവാരത്തിൽ മുന്നിൽ നിൽക്കുന്ന മലബാർ സിമെന്റിന് മെച്ചപ്പെട്ട വിപണിമൂല്യമാണുള്ളതെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

43 (*483) <u>പ്രത്യേക സാമ്പത്തിക മേഖല</u>

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അധിക സാമ്പത്തിക വളർച്ച നേടിയെടുക്കുക, കയറ്റുമതിയും ആഭ്യന്തര-വിദേശ നിക്ഷേപവും പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്നതെന്ന് സഭയെ അറിയിച്ചു. മേഖലയിലെ യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണ സാമഗ്രികളിന്മേലുള്ള നികുതിയും യന്ത്ര സാമഗ്രികൾ, അസംസ്കൃത വസ്തുക്കൾ എന്നിവയിന്മേലുള്ള വാറ്റ് നികുതിയും ഒഴിവാക്കുകയും പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി ആക്ടുകൾ പ്രകാരമുള്ള സെസ്, നികുതി ഇളവുകൾ നൽകിവരികയും ചെയ്യുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ മുഖാന്തിരം കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നാഷണൽ ഫുഡ് പ്രോസസ്സിംഗ് പാർക്കുകളിൽ ഒരെണ്ണം

കേരളത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്. KSITL-ന്റെ കീഴിൽ ചേർത്തല, കുണ്ടറ, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ഐ.റ്റി. പാർക്കുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിന്റെ നിർമ്മാണം താമസംവിനാ പൂർത്തിയാക്കുന്നതാണ്. പ്രത്യേക സാമ്പത്തിക മേഖലയിലെ യൂണിറ്റുകളിൽ മനുഷ്യാവകാശ ലംഘനം ഉൾപ്പെടെയുള്ള ചൂഷണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. വല്ലാർപാടം പോർട്ടിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഡ്രെഡ്ജിംഗ് ഉൾപ്പെടെയുള്ള നടപടികൾക്ക് പരമാവധി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4583 മുതൽ 4803 വരെയുള്ള ചോദ്യങ്ങളിൽ 132 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *